പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2192 07.12.2015 ൽ മറുപടിക്ക്

## റോഡപകടങ്ങൾക്കായി സമഗ്ര പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു : | | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) |
| (എ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഒരു സമഗ്ര പദ്ധതി റോഡ് സേഫ്റ്റി അതോറിറ്റി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം യഥാർത്ഥ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റി റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ജില്ലാ സുരക്ഷാ കൗൺസിലുകൾ, വിവിധ വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ വിവരിക്കുന്നു.<br>❖ ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കിച്ച് നടപ്പിലാക്കി വരുന്നു.<br>❖ ടിപ്പർലോറി/ ചരക്കു വാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡു സുരക്ഷ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകുന്നു.<br>❖ റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തീയറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>❖ രാത്രികാല എയർപോർട്ട് യാത്ര അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ |
| (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ഇതുവരെ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്; ഇതിന്റെ ഫലമായി അപകടങ്ങൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി അച്ചടിച്ച ലഘുലേഖകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.<br>❖ ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'റോഡ് റെഗുലേഷൻസ്' എന്ന ലഘുലേഖ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.<br>❖ സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ 'സ്കൂളുകളിലേക്കുള്ള സുരക്ഷിത പാത', 'അധ്യാപക പഠന സഹായി' എന്നീ പുസ്തകങ്ങളുടെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു.<br>❖ നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>❖ റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളിയാക്കുവാൻ കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ❖ ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ കർശന വാഹന പരിശോധനയും നടത്തുന്നുണ്ട്.<br>❖ ട്രാഫിക് നിയമം തെറ്റിക്കൽ മദ്യപിച്ച് വാഹനം ഓടിക്കൽ അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br>❖ പൊതുമരാമത്ത് വകുപ്പ് വഴി അപകട സാധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോർട്ടുകൾ കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>❖ ജില്ലാ തലത്തിൽ റോഡ് സുരക്ഷാ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകി വരുന്നു.<br>❖ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സ്കൂളുകൾക്ക് സമീപം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്കൂൾ സേഫ്സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്.<br>❖ പോലീസ് വകുപ്പു വഴി പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക്ക് ട്രെയിനിംഗ് നൽകുവാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക്ക് എഡ്യൂക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>❖ എല്ലാ ജില്ലകളിലും ട്രാഫിക്ക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് ''നിൽക്കു. നോക്കു, നീങ്ങു '' എന്ന സൈൻബോർഡ് |

സ്ഥാപിക്കുവാനും നടപടി സ്വീകരിച്ചു വരുന്നു.

- ❖ ആരോഗ്യ വകുപ്പു വഴി ട്രോമോകെയർ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.
- ❖ പൊതുമരാമത്ത് വകുപ്പ് വഴി ക്രാഷ്ബാരിയറുകൾ നിർമ്മിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.
- ❖ പോലീസ് വകുപ്പിന് 'ശുഭയാത്ര' എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

മേൽ പദ്ധതി വഴി അപകടങ്ങൾ കുറയ്ക്കുന്നതിന സാധിച്ചിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പ്രകാരമുള്ള വാഹനാപകടങ്ങൾ സംബന്ധിച്ചുള്ള താരതമ്യ പഠന വിവരം താഴെ ചേർക്കുന്നു.

| വർഷം | അപകട നിരക്ക് | മരണ നിരക്ക് | റിമാർക്ക്സ് |
|---|---|---|---|
| 2011 | 35,216 | 4,145 | |
| 2012 | 36,174 | 4,286 | മുൻ വർഷത്തേക്കാൾ അപകടങ്ങൾ 958 ആയും മരണ നിരക്ക് 141 ആയും കൂടിയിട്ടുണ്ട്. |
| 2013 | 35,215 | 4,258 | മുൻ വർഷത്തേക്കാൾ അപകടങ്ങൾ 959 ആയി കുറഞ്ഞുവെങ്കിലും മരണ നിരക്ക് 28 ആയി കുറഞ്ഞു. |
| 2014 | 36,282 | 4,049 | മുൻ വർഷത്തേക്കാൾ അപകടങ്ങൾ |

| | | | |
|---|---|---|---|
| | | | 1067 ആയി കൂടി യെങ്കിലും മരണ നിരക്ക് 209 ആയി കുറഞ്ഞു.<br>ഓരോ വർഷവും കേരളത്തിൽ 5 ലക്ഷം വാഹനങ്ങൾക്ക് ലൈസൻസ് നൽകുന്നുണ്ട്. ഇതിന് അനുസൃതമായി റോഡുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. വാഹനാ വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ അപകട നിരക്ക് കൂടുന്നില്ല. |
| (സി) | സംസ്ഥാന, ജില്ലാ തലങ്ങളിൽ അക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കുമെന്ന പ്രസ്തുത ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കി യിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | നടപ്പിലാക്കിയിട്ടുണ്ട്. 30.06.2012 ലെ സർക്കാർ ഉത്തരവ് നം. 343/2012/ഗത പ്രകാരം സംസ്ഥാന, ജില്ലാ തലങ്ങളിൽ അക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്മിറ്റികൾക്ക് റോഡപകട ങ്ങളുടെ കാരണവും പരിഹാരവും കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സാധിച്ചിട്ടുണ്ട്. ജില്ലാ ആക്സിഡന്റ് റിവ്യൂ കമ്മിറ്റി ചേർന്ന് റോഡപകടങ്ങളുടെ കാരണവും പരിഹാരവും കണ്ടെത്തി ആയതിന്റെ റിപ്പോർട്ട് സംസ്ഥാന, ആക്സിഡന്റ് റിവ്യൂ കമ്മിറ്റിക്ക് അയച്ചു തരുകയും 06.07.2014, 04.08.2014 എന്നീ തീയതികളിൽ കൂടിയ സംസ്ഥാന ആക്സിഡന്റ് റിവ്യൂ കമ്മിറ്റി ജില്ലാ ആക്സിഡന്റ് റിവ്യൂ കമ്മിറ്റികളുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ